"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2019 - മലപ്പുറം ജില്ലയിൽ പറപ്പൂർ ഗ്രാമപഞ്ചായത്തിലെ ചോലക്കുണ്ട് ഗവൺമെന്റ് യു. പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടം ക്രമവൽക്കരിക്കുന്നതിനുമായി ചട്ടം 3(4)(എ) പ്രകാരം ഇളവനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.300/2026/LSGD തീയതി, തിരുവനന്തപുരം, 05-02-2026

---

പരാമർശം:- 1. ചീഫ് ടൗൺ പ്ലാനറുടെ 24.11.2025-ലെ LSGD/PD/9937/2025-TCPA1 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ പറപ്പൂർ ഗ്രാമപഞ്ചായത്തിലെ പറപ്പൂർ വില്ലേജിൽ റീസർവേ നമ്പർ 242/2A-ലെ 2630.55 ച.മീ. സ്ഥലത്ത് ചോലക്കുണ്ട് ഗവൺമെന്റ് യു. പി. സ്കൂൾ കോമ്പൗണ്ടിലെ നിലവിലുള്ള കെട്ടിടത്തോട് (കെട്ടിടം 1, G+2) ചേർത്ത് മൂന്ന് നിലകളിലായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നിലവിലുള്ള മറ്റൊരു കെട്ടിടത്തോട് (കെട്ടിടം 3, G+2) കൂട്ടിച്ചേർത്ത് നിർമ്മിച്ച കിച്ചൺ ബ്ലോക്കും ആയതിന് മുകളിൽ ഫസ്റ്റ് & സെക്കന്റ് ഫ്ലോറുകളിലായി നിർമ്മിച്ച ടോയിലറ്റും അനുബന്ധ ഫയർ സ്റ്റെയറും ക്രമവൽക്കരിക്കുന്നതിനുമായി 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങളുടെ ചട്ടം 3(4)(എ) പ്രകാരം ഇളവ് ലഭിക്കുന്നതിനായി ചോലക്കുണ്ട് ഗവൺമെന്റ് യു. പി. സ്കൂൾ പ്രധാനാധ്യാപിക സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശപ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2) പ്രസ്തുത സ്ഥലത്ത് മാസ്റ്റർ പ്ലാനുകളോ DTP സ്കീമുകളോ നിലവിലില്ലെന്നും ചോലക്കുണ്ട് ജംഗ്ഷനിൽ നിന്ന് 100 മീറ്റർ മാറി 3.05 മീ കുറഞ്ഞ വീതി മാത്രമുള്ള ചോലക്കുണ്ട് വീണാലുക്കൽ പഞ്ചായത്ത് റോഡിനോട് ചേർന്നാണ് ടി പ്ലോട്ട് സ്ഥിതി ചെയ്യുന്നതെന്നും വിഭാവിത സ്കൂൾ കെട്ടിടം (വിദ്യാഭ്യാസ കെട്ടിടം-1/proposed extension) കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220(ബി) പാലിക്കുന്നുണ്ടെന്നും ക്രമവൽക്കരിക്കേണ്ട കെട്ടിടത്തിന്റെ (വിദ്യാഭ്യാസ കെട്ടിടം 3/proposed toilet & stair) തെക്കു വശത്തുള്ള റോഡ് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടില്ലാത്തതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220(ബി) ബാധകമല്ലെന്നും ജില്ലാ ടൗൺ പ്ലാനർ അറിയിച്ചിട്ടുണ്ടെന്ന് പരാമർശപ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 27(2) കവറേജ്, ചട്ടം 28(1) പ്രോവൈസോ പ്രവേശന വഴിയുടെ വീതി, ചട്ടം 23(2) റോഡരികിൽ നിന്ന് കെട്ടിടത്തിലേക്കുള്ള അകലം, ചട്ടം 26 ഓപ്പൺ യാർഡ്സ്, ചട്ടം 26(5) കെട്ടിടങ്ങൾ തമ്മിലുള്ള അകലം എന്നീ ചട്ടങ്ങളിലാണ് ഇളവ് ആവശ്യമായി വരുന്നതെന്നും പരാമർശപ്രകാരം ചീഫ് ടൗൺ പ്ലാനർ അറിയിച്ചിട്ടുണ്ട്. ടി ചട്ടങ്ങൾക്ക് ഇളവ് നൽകുന്നത് സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ ചുവടെപ്പറയും പ്രകാരം ശിപാർശ നൽകിയിട്ടുണ്ട്.

1. **ചട്ടം 27(2) കവറേജ്**

ചട്ടം 27(1) പ്രകാരം വിദ്യാഭ്യാസകെട്ടിടങ്ങൾക്ക് പ്ലോട്ട് ഏരിയയുടെ പരമാവധി 35% മാത്രമേ കവറേജ് അനുവദനീയമായിട്ടുള്ളൂ. എന്നാൽ സ്കൂളിലെ പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ കവറേജ് 36.11% ആകുന്നു. അനുവദനീയമായ കവറേജിൽ 1.11% വർദ്ധനയുണ്ട്. സ്കൂളിന്റെ സ്ഥലപരിമിതി കണക്കിലെടുത്തും സർക്കാർ സ്കൂളെന്ന പരിഗണനയിലും അനുവദനീയമായ കവറേജിനെക്കാൾ നേരിയ വർദ്ധനവ് മാത്രമാണെന്നതിനാലും ചട്ടത്തിൽ ഇളവ് അനുവദിക്കാവുന്നതാണ്.

2. **ചട്ടം 28(1) പ്രൊവൈസോ പ്രവേശന വഴിയുടെ വീതി**

ചട്ടം 28 (1) പ്രൊവൈസോ പ്രകാരം, നിലവിലുള്ള സ്കൂളുകളുടെ കാര്യത്തിൽ ടോട്ടൽ ഫ്ലോർ ഏരിയ 5000 sq.m-ൽ കൂടുതലാകുന്നില്ലെങ്കിൽ ആക്സസ് വിഡ്ത്ത് 3.6m മതിയാകുന്നതാണ്. ഇവിടെ സ്കൂളിലേക്കുള്ള റോഡിന്റെ കുറഞ്ഞ വീതി 3.05 മീറ്ററാണ്. പ്രധാന റോഡിൽ നിന്ന് ഏകദേശം 121.25 മീറ്റർ നീളമുള്ള ആക്സസ് റോഡിൽ ഏകദേശം 16 മീറ്റർ നീളത്തിൽ മാത്രമേ റോഡ് വീതി 3.6 മീറ്ററിൽ കുറവുള്ളൂവെന്നും, ടി ഭാഗത്ത് കുറഞ്ഞ വീതി 3.05m ലഭ്യമാണെന്നും, ടി റോഡിലൂടെ വാഹനഗതാഗതം കുറവാണെന്നും, ക്ലാസ്സ് തുടങ്ങുന്ന സമയത്തെയും സ്കൂൾ വിടുന്ന സമയത്തെയും വാഹനങ്ങളാണ് കൂടുതലായും ഈ വഴിയിലൂടെ പോകുന്നതെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിഗണിച്ച് കൊണ്ട് ടി ചട്ടത്തിൽ ഇളവ് അനുവദിക്കാവുന്നതാണ്.

3. **ചട്ടം 23(2) റോഡരികിൽ നിന്ന് കെട്ടിടത്തിലേക്കുള്ള അകലം**

ക്രമവൽക്കരിക്കേണ്ട കെട്ടിടവും (വിദ്യാഭ്യാസ കെട്ടിടം-3, proposed toilet and stair ഉൾപ്പെടുന്ന കെട്ടിടം) അതിനടുത്തുള്ള റോഡുകളും (unnotified roads with width less than 6 m) തമ്മിൽ ചട്ടപ്രകാരം 2 മീറ്റർ അകലം പാലിക്കേണ്ടതാണ്. എന്നാൽ ടി കെട്ടിടത്തിന്റെ രണ്ട് വശത്തുമുള്ള റോഡിൽ നിന്ന് കെട്ടിട ഭാഗങ്ങളിലേക്ക് 1.28m, 1.67m, 187m, 1.57m, 1.63 എന്നിങ്ങനെയുള്ള ദൂരം മാത്രമേ പ്ലാൻ പ്രകാരം ലഭ്യമാകുന്നുള്ളൂ. കെട്ടിടത്തിന്റെ തെക്കു കിഴക്കേ മൂലയിൽ കിഴക്ക് ഭാഗത്തുള്ള റോഡരികിലേക്ക് ആവശ്യമായതിലധികം (3.01m) അകലം ലഭിക്കുന്നുണ്ട്. പ്രസ്തുത റോഡ് (ചോലക്കുണ്ട്-കല്ലിയത്ത് പാറയിൽ റോഡ്) നോട്ടിഫൈ ചെയ്തിട്ടില്ലെന്നും ടി റോഡിലൂടെ വാഹനഗതാഗതം കുറവാണെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220(b)-യുടെ ലംഘനം ഇല്ലാത്തതിനാലും മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ചും പഞ്ചായത്ത് സെക്രട്ടറി, ജില്ലാ ടൗൺ പ്ലാനർ എന്നിവരുടെ ശിപാർശകൾ കണക്കിലെടുത്ത് കൊണ്ടും ഈ ചട്ടത്തിൽ ഇളവ് അനുവദിക്കാവുന്നതാണ്.

4. **ചട്ടം 26 - ഓപ്പൺ യാർഡ്**

ചട്ടപ്രകാരം ആവശ്യമായ ഓപ്പൺ യാർഡ് ദൂരത്തിന്റെ പകുതിയിൽ കൂടുതൽ എല്ലാ സ്ഥലത്തും ലഭ്യമാണെന്നതും ചില സ്ഥലങ്ങളിൽ ആവശ്യമായതിനേക്കാൾ കൂടുതൽ ലഭ്യമാണെന്നതും പരിഗണിച്ചുകൊണ്ടും ഗ്രാമപ്രദേശത്തെ 700-ൽപ്പരം കുട്ടികൾ ആശ്രയിക്കുന്ന സർക്കാർ വിദ്യാലയമാണെന്ന് പ്രധാനാദ്ധ്യാപിക അറിയിച്ചിട്ടുള്ളതും പഞ്ചായത്ത് സെക്രട്ടറിയുടെയും ജില്ലാ ടൗൺ പ്ലാനറുടെയും ശിപാർശകളും കണക്കിലെടുത്ത് ചട്ടം 26- ഓപ്പൺ സ്പേസിൽ ഇളവ് നൽകാവുന്നതാണ്.

5. **ചട്ടം 26(5) കെട്ടിടങ്ങൾ തമ്മിലുള്ള അകലം:**

®ക്രമവൽക്കരിക്കേണ്ടതായ കെട്ടിടത്തിലെ (വിദ്യാഭ്യാസ കെട്ടിടം-3, Existing kitchen and

proposed toilet & stair ഉൾപ്പെടുന്ന കെട്ടിടം) കിച്ചൺ ഭാഗവും നിലവിലുള്ള സ്റ്റേജും തമ്മിൽ ചട്ടപ്രകാരം ആവശ്യമായ 3m അകലം പാലിച്ചിട്ടില്ല. നിലവിൽ ഇരു കെട്ടിടവും തമ്മിൽ 0.75m അകലം മാത്രമേ ലഭിക്കുന്നുള്ളൂ. ഇത്രയും വീതി കുറഞ്ഞ വിടവോടു കൂടി സ്കൂൾ കോമ്പൗണ്ടിൽ കെട്ടിടങ്ങൾ നിലനിൽക്കുന്നത് കുട്ടികളുടെ സുരക്ഷക്ക് ഭീഷണിയായതിനാൽ ഈ ചട്ടത്തിൽ ഇളവ് നൽകുന്നതിന് ശിപാർശ ചെയ്യാൻ നിർവ്വാഹമില്ല. എന്നാൽ ഉള്ളിലേക്കുള്ള പ്രവേശനം തടസ്സപ്പെടുത്തിക്കൊണ്ട് രണ്ട് കെട്ടിടങ്ങളും ബന്ധിപ്പിച്ചാൽ ആയത് ഒറ്റക്കെട്ടിടമായി മാറുകയും ചട്ടലംഘനം ഒഴിവാകുകയും ചെയ്യുന്നതാണ്. സ്കൂൾ കെട്ടിടത്തിന്റെ ബിൽറ്റ് അപ്പ് ഏരിയ ഇതിനകം തന്നെ 1201.67 ച.മീ ഉള്ളതിനാലും ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള ലിഫ്റ്റ് സൗകര്യം പ്ലാനിൽ രേഖപ്പെടുത്തിക്കാണുന്നതിനാലും ഇങ്ങനെ ബന്ധിപ്പിക്കുന്നത് കൊണ്ട് മറ്റ് ചട്ടലംഘനങ്ങൾ ഉണ്ടാകുന്നില്ല. ആയതിനാൽ വിദ്യാഭ്യാസ കെട്ടിടം-3-ലെ കിച്ചൻ ഭാഗവും നിലവിലുള്ള സ്റ്റേജും കൂടി ബന്ധിപ്പിച്ച് അവയ്ക്കിടയിലുള്ള സ്ഥലത്തേക്ക് യാതൊരു വിധത്തിലുള്ള പ്രവേശനവും സാധ്യമാകാത്ത വിധം ഒറ്റക്കെട്ടിടമാക്കേണ്ടതാണെന്ന നിബന്ധന ഏർപ്പെടുത്താവുന്നതാണ്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപ്രദേശത്തെ 700-ൽപ്പരം കുട്ടികൾ ആശ്രയിക്കുന്ന സർക്കാർ വിദ്യാലയമാണെന്ന് പ്രധാനാദ്ധ്യാപിക അറിയിച്ചിട്ടുള്ളതും പൊതുവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കേണ്ടതും കോമ്പൗണ്ടിലെ സ്ഥലപരിമിതിയും ചട്ടങ്ങളിൽ ഇളവ് നൽകുന്നതിനായി പഞ്ചായത്ത് സെക്രട്ടറിയും ജില്ലാ ടൗൺപ്ലാനറും ശിപാർശ ചെയ്തതും പരിഗണിച്ചു കൊണ്ട് മലപ്പുറം ജില്ലയിൽ പറപ്പൂർ ഗ്രാമപഞ്ചായത്തിലെ ചോലക്കുണ്ട് ഗവൺമെന്റ് യു. പി. സ്കൂളിന് 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ (KPBR 2019) ചട്ടം 3(4)(എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ടി ചട്ടങ്ങളുടെ ചട്ടം 27(2) (കവറേജ്), ചട്ടം 28(1) പ്രൊവൈസോ (പ്രവേശന വഴിയുടെ വീതി), ചട്ടം 23(2) (റോഡരികിൽ നിന്ന് കെട്ടിടത്തിലേക്കുള്ള അകലം), ചട്ടം 26 (ഓപ്പൺ യാർഡ്) എന്നീ ചട്ടങ്ങളിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

<u>നിബന്ധനകൾ:</u>

1. പ്ലോട്ടിൽ നിലവിലുള്ള അംഗീകൃതകെട്ടിടങ്ങൾ ഒഴികെ മറ്റെല്ലാ നിർമ്മാണങ്ങളും കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220 (ബി) ഉൾപ്പെടെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
2. ക്രമവൽക്കരിക്കേണ്ടതായ സ്കൂൾ കെട്ടിടം 3-ലെ ഗ്രൗണ്ട് ഫ്ലോറിൽ ഭിന്ന ശേഷിക്കാർക്കായി കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 42(4) പ്രകാരമുള്ള ഒരു ടോയ്ലറ്റ് കൂടി നൽകേണ്ടതാണ്.
3. നിലവിലുള്ള വിദ്യാഭ്യാസ കെട്ടിടം 1-ലെ വരാന്തകളും ആയതിനോട് ചേർത്ത് നിർമ്മിക്കുന്ന മൂന്ന് നില കെട്ടിടത്തിന്റെ വരാന്തകളും തമ്മിൽ മാർഗ്ഗതടസ്സമില്ലാത്ത വിധം ഒരേ നിരപ്പിൽ ബന്ധിപ്പിക്കേണ്ടതാണ്.
4. വിദ്യാഭ്യാസ കെട്ടിടം 3-ലെ കിച്ചൻ ഭാഗവും നിലവിലുള്ള സ്റ്റേജും കൂടി ബന്ധിപ്പിച്ച് അവയ്ക്കിടയിലുള്ള സ്ഥലത്തേക്ക് യാതൊരു വിധത്തിലുള്ള പ്രവേശനവും സാധ്യമാകാത്ത വിധം ഒറ്റക്കെട്ടിടമാക്കേണ്ടതാണ്.

5. ബിൽഡിംഗ് പെർമിറ്റ്/ഒക്കുപ്പൻസി അനുവദിക്കുന്നതിനു മുമ്പായി ബാധകമായ എല്ലാ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ആവശ്യമായ NOC/ അനുമതിപത്രം ലഭ്യമാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
6. സ്ഥലത്ത് നിലവിലുള്ളതായി കാണിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നമ്പർ, വിസ്തീർണ്ണം, ടി കെട്ടിടങ്ങൾ പഞ്ചായത്ത് രേഖകൾ പ്രകാരം അംഗീകൃതമാണോ മുതലായവ പഞ്ചായത്ത് സെക്രട്ടറി രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. അനുമതി ഇല്ലാതെ നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ/കെട്ടിടഭാഗങ്ങൾ ചട്ടങ്ങൾക്ക് വിധേയമായി ക്രമവൽക്കരിച്ച ശേഷം മാത്രമേ സ്കൂൾ കെട്ടിടത്തിന് ഒക്യുപൻസി അനുവദിക്കാവൂ.
7. സർക്കാരിൽ നിന്ന് ഇളവ് അനുവദിച്ചു നൽകുന്ന ചട്ടങ്ങൾ ഒഴികെ മറ്റ് എല്ലാ കെട്ടിടനിർമ്മാണചട്ടങ്ങളും (അർബൻ ഫോറസ്ട്രി, ഭിന്നശേഷിക്കാർക്കുള്ള സൗകര്യങ്ങൾ, ഭൂജലപോഷണസംവിധാനം, മഴവെള്ളസംഭരണി, മാലിന്യസംസ്കരണം, സാനിറ്റേഷൻ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ) പാലിച്ചിട്ടുണ്ടെന്നു ഉറപ്പു വരുത്തി മാത്രമേ ബിൽഡിംഗ് പെർമിറ്റ് /ഒക്യുപൻസി അനുവദിക്കാവൂ.
8. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019-ലെ ചട്ടം 5(3) പാലിക്കാതെയും കെട്ടിടനിർ മ്മാണ ചട്ടങ്ങൾ ലംഘിച്ചു കൊണ്ടും സ്കൂൾ അധികൃതർ അനധികൃതമായി നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളത് ഭാവിയിൽ യാതൊരു കാരണവശാലും ആവർത്തിക്കരുത്. ഇത്തരം അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പഞ്ചായത്ത് സെക്രട്ടറി അതിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സത്വരം കൈക്കൊള്ളേണ്ടതും അക്കാര്യം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYANTHI B S
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം
സെക്രട്ടറി, പറപ്പൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
പ്രധാനാധ്യാപിക, ഗവൺമെന്റ് യു. പി. സ്കൂൾ, ചോലക്കുണ്ട്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി(RB3/444/2025/LSGD).

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
സെക്ഷൻ ഓഫീസർ
Date: 05-02-2026 14:18:44

1.